# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 647 | 24/01/2018-ൽ മറുപടിക്ക്

## മൂവാറ്റുപുഴ വൈദ്യുതി ഭവൻ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ

| | ചോദ്യം<br><br>**ശ്രീ.എൽദോ എബ്രഹാം** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മൂവാറ്റുപുഴ വൈദ്യുതി ഭവൻ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ? | (ബി) | വാടക കെട്ടിടത്തിലാണ് മൂവാറ്റുപുഴ ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് നിലവിൽ പ്രവർത്തിച്ച് വരുന്നത്. ഓഫീസ് പ്രവർത്തിക്കുന്നതിന് അനുയോജ്യമായ മറ്റൊരു വാടക കെട്ടിടം ലഭ്യമാകാത്ത അവസ്ഥയാണ് നിലവിലുള്ളത്.<br>മൂവാറ്റുപുഴ സെക്ഷൻ - 1 പ്രവർത്തിക്കുന്ന കെട്ടിടം സ്ഥിതി ചെയ്യുന്ന പുറമ്പോക്ക് ഭൂമി 60 വർഷത്തോളമായി ബോർഡിന്റെ കൈവശത്തിലാണ്. ആധികാരിക രേഖകൾ ലഭിച്ചാൽ ബോർഡിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്നതിന് അനുയോജ്യമായ കെട്ടിട സമുച്ചയം പണിയുന്നത് ബോർഡിന്റെ പരിഗണനയിലാണ്. സ്ഥലത്തിന്റെ കൈവശാവകാശ രേഖ ലഭിക്കുന്നതിന് റവന്യൂ അധികാരികൾക്ക് അപേക്ഷ നൽകിയിട്ടുണ്ട്. അതു ലഭിക്കുന്ന മുറയ്ക്കും ഫണ്ട് ലഭ്യത ഉറപ്പ് വരുത്തുന്ന മുറയ്ക്കും കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ